(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഉടുമ്പൻചോല താലൂക്കിലെ വിവിധ പട്ടണങ്ങളിൽ നിന്നും കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സർവ്വീസുകളാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്തു നിന്ന് ശാന്തൻപാറയിലേക്ക് ഒരു സൂപ്പർ ഫാസ്റ്റ് സർവ്വീസ് ആരംഭിച്ചു കഴിഞ്ഞു. എറണാകുളത്തുനിന്നും ശാന്തൻപാറയിലേക്ക് സർവ്വീസ് തുടങ്ങുന്ന കാര്യം പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ധാരാളം പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്ന ഈ മേഖലയിൽ പ്രൈവറ്റ് ബസ്സുമായി മത്സരിച്ചു കെ.എസ്.ആർ.ടി.സി.-യ്ക്ക് സർവ്വീസ് നടത്താൻ കഴിയില്ല.

കാസർഗോഡ് ഗ്രാമങ്ങളിൽ ബസ് സർവ്വീസ്

68 [555] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്-പഞ്ചിക്കൽ റൂട്ടിലും, കാസർഗോഡ്-പഡ്രെ റൂട്ടിലും, കാസർഗോഡ്-സീതാംഗളി-പെർള റൂട്ടിലും, കാസർഗോഡ്-കുമ്പള, കാസർഗോഡ്-ഉപ്പള-ബായാർ റൂട്ടിലും ഓരോ കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ് വീതം സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ്-പഡ്രെ റൂട്ടിലും, കാസർഗോഡ്-സീതാംഗണി-പെർള റൂട്ടിലും സർവ്വീസ് ആരംഭിച്ചു കഴിഞ്ഞു. കാസർഗോഡ്-പഞ്ചിക്കൽ റൂട്ടിലും, കാസർഗോഡ്-കുമ്പള, കാസർഗോഡ്-ഉപ്പള-ബായാർ റൂട്ടിലും ഓർഡിനറി സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കണ്ണൂരിൽ കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സ്

69 [556] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ സ്ഥാപിക്കുന്ന കെഎസ്.ആർ.ടി.സി. ഷോപ്പിംഗ് കോപ്ലംക്സിന്റെ പ്രവൃത്തി എന്നു തുടങ്ങി എന്നു വ്യക്തമാക്കാമോ;

(ബി) ഷോപ്പിംഗ് കോപ്ലംക്സിന്റെ നിർമ്മാണ പ്രവർത്തനം എവിടം വരെ ആയി എന്ന് വ്യക്തമാക്കാമോ;

(സി) ഷോപ്പിംഗ് കോപ്ലംക്സിന്റെ ഉദ്ഘാടനം എന്നുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 21-10-1998-ൽ.

(ബി) ഷോപ്പിംഗ് കോപ്ലക്സിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

(സി) 2005 ജനുവരി 29-ാം തീയതി ഉദ്ഘാടനം ചെയ്തു.

കായംകുളം ഡിപ്പോയിലെ സ്റ്റേ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

70 [557] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കായകുളം ഡിപ്പോയിൽ നിന്നുള്ള ഏതെല്ലാം സ്റ്റേ സർവ്വീസുകളാണ് ലാഭകരമല്ലെന്ന പേരിൽ മുൻമന്ത്രിസഭയുടെ കാലത്ത് നിർത്തൽ ചെയ്തത്;

(ബി) ഇതിൽ ഏതെല്ലാം സർവ്വീസുകൾ പുനരാരംഭിച്ചു;

(സി) ഇതുവരെ പുനരാരംഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 6 സർവ്വീസുകൾ നിർത്തൽ ചെയ്തിരുന്നു.

(ബി) 6 സർവ്വീസുകളും പുനഃരാരംഭിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ നടപടി

71 [558] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) നെടുമങ്ങാട് നിന്നും ഗുരുവായൂർ, കന്യാകുമാരി തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കണമെന്ന നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) 2004 മേയ്, ജൂൺ മാസങ്ങളിൽ നെടുമങ്ങാട് ഡിപ്പോയിൽ നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly